9714
1/6/19

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 2019 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും ഇപ്പോൾ രക്താർബുദം ബാധിച്ച് ചികിൽസയിൽ കഴിയുന്നതുമായ മലപ്പുറം ജില്ല, തെന്നല പി.ഒ., കളത്തിങ്ങൽ ഹൗസിൽ അബ്ദുൾ നാസറിന്റെ മകൾ ഫാത്തിമ ഷഹാനയ്ക്ക് ചികിൽസാ സഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **158/2019/റവ.** തിരുവനന്തപുരം, തീയതി, 01.06 .2019.

==========================================

പരാമർശം:- ശ്രീ. അബ്ദുൾ നാസർ. കെ.യുടെ 24.05.2019 തീയതിയിലെ അപേക്ഷ.

## <u>ഉത്തരവ്</u>

2019 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും ഇപ്പോൾ രക്താർബുദം ബാധിച്ച് ചികിൽസയിൽ കഴിയുന്നതുമായ മലപ്പുറം ജില്ല, തെന്നല പി.ഒ., കളത്തിങ്ങൽ ഹൗസിൽ അബ്ദുൾ നാസറിന്റെ മകൾ ഫാത്തിമ ഷഹാനയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായം അനുവദിക്കണമെന്ന് പരാമർശം പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ നാസറിന്റെ മകൾ ഫാത്തിമ ഷഹാനയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന തുക ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ സ്വീകരിച്ച നടപടി ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം
തഹസിൽദാർ, തിരൂരങ്ങാടി
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.